**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5825

02.07.2014-ലെ മറുപടിയ്ക്ക്

**ചേലക്കര മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | **ശ്രീ.എ.പി.അനിൽകുമാർ** (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ചേലക്കര മണ്ഡലത്തിൽ നടപ്പിലാക്കുവാൻ അനുയോജ്യമായ ഏതെല്ലാം പദ്ധതികളാണ് വിനോദസഞ്ചാരവകുപ്പിനു മുന്നിൽ സമർപ്പിക്കപ്പെട്ടിട്ടുള്ളതെന്ന് പറയാമോ;<br>(ബി) ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് പറയാമോ; | (എ) യും (ബി)യും<br>ചേലക്കര മണ്ഡലത്തിലെ ചീരക്കുഴി ഡാം, ചെറുതുരുത്തി, പാണാൾ, അസുരംകുണ്ട് ഡാം, തിരുവില്വാമല എന്നീ മേഖലകളിൽ കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന വിധം വിനോദസഞ്ചാര വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു |
| (സി) ഈ സർക്കാരിന്റെ കാലത്ത് സമർപ്പിക്കപ്പെട്ട ഏതെങ്കിലും പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ;<br>(ഡി) സമർപ്പിക്കപ്പെട്ട പദ്ധതികൾ പരിശോധിക്കാത്തതുകൊണ്ടാണോ അതോ പരിഗണനാർഹമല്ലെന്ന് ഏതെങ്കിലും തലത്തിൽ കണ്ടെത്തിയതുകൊണ്ടാണോ അംഗീകരിക്കപ്പെടാത്തതെന്ന് പറയാമോ; | (സി)യും (ഡി) യും)<br>തൃശ്ശൂർ ഡി.റ്റി.പി.സി നടപ്പിലാക്കിയ "തൃശൂർ പെരുമ" എന്ന പദ്ധതിക്കായി 15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് |
| (ഇ) വിനോദസഞ്ചാര വികസനത്തിന് ഏറെ സാധ്യതയുണ്ടെന്ന് തൃശ്ശൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലും ഇതര ഏജൻസികളും കണ്ടെത്തി തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള പദ്ധതികൾ അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ? | (ഇ) പദ്ധതികളുടെ ടൂറിസം സാദ്ധ്യത വിലയിരുത്തിയതിനു ശേഷം തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ